കേരള ചരിത്ര ഗവേഷണ കൗൺസിൽ
(കെ.സി.എച്ച്.ആർ) &

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ
പരിശീലന സമിതി (എസ്.സി.ഇ.ആർ.ടി)

സംയുക്തമായി സംഘടിപ്പിക്കുന്ന



# സ്കൂൾ ചരിത്ര സെമിനാർ - 2025

2025 ഏപ്രിൽ 23, 24
എസ്.സി.ഇ.ആർ.ടി. കാമ്പസ്,
തിരുവനന്തപുരം

## കെ.സി.എച്ച്.ആർ. സ്ഥാപക ദിന ലക്ച്ചർ/ സെമിനാർ സീരീസ് 2025

'ചരിത്രവും പുരാവസ്തു ശാസ്ത്രവും
സമകാലിക കേരളത്തിൽ -
പുതിയ സാധ്യതകൾ, പര്യവേക്ഷണങ്ങൾ'

## കെ.സി.എച്ച്.ആർ സ്ഥാപക ദിന സെമിനാർ സീരീസ് - 2025

## 'ചരിത്രവും പുരാവസ്തു ശാസ്ത്രവും സമകാലിക കേരളത്തിൽ - പുതിയ സാധ്യതകൾ, പര്യവേക്ഷണങ്ങൾ'

കേരള ചരിത്ര ഗവേഷണ കൗൺസിൽ ഇരുപത്തിനാലാം സ്ഥാപക ദിനം പ്രമാണിച്ച് 'ചരിത്രവും പൂരാവസ്തു ശാസ്ത്രവും സമകാലിക കേരളത്തിൽ - പുതിയ സാധ്യതകൾ, പര്യവേക്ഷണങ്ങൾ' എന്ന വിഷയത്തിൽ സെമിനാറുകൾ, ലക്ച്ചറുകൾ എന്നിവ സംഘടിപ്പിക്കുന്നു. അക്കാദമിക സമൂഹത്തെയും പൊതുജനങ്ങ നങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ചരിത്രരചനയിലെ പുത്തൻ സമീപനങ്ങൾ, ഇന്റർ ഡിസിപ്ലിനറി രീതിശാസ്ത്രങ്ങൾ, ചരിത്ര ആഖ്യാനങ്ങൾ രൂപപ്പെടുത്തുന്നതിൽ പൊതുജനങ്ങളുടെ പങ്ക് എന്നീ വിഷയങ്ങളുടെ ആഴത്തിലുള്ള അന്വേഷണമാണ് സെമിനാറുകളിലൂടെ ലക്ഷ്യം വയ്ക്കുന്നത്. ആലുവ യു.സി. കോളേജ്, കാലിക്കറ്റ്, ഗവ. ആർട്സ് & സയൻസ് കോളേജ് എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ രണ്ട് അക്കാദമിക സെഷനുകൾ ഇതിനോടകം സംഘടിപ്പിച്ചു കഴിഞ്ഞു. കുളപ്പുറം വായനശാല & ഗ്രന്ഥാലയത്തിന്റെ സഹകരണത്തോടെ കണ്ണൂരിലെ ചെറുതാഴത്ത് 'പ്രാദേശിക ചരിത്രരചനയെക്കുറിച്ച്' എന്ന പരിപാടി സംഘടിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. കൂടാതെ കേരള പ്രാദേശിക പഠനസമിതി കോട്ടയം നാട്ടുകൂട്ടത്തിന്റെ സഹകരണത്തോടെ കോട്ടയം സി.എം.എസ് കോളേജിൽ മറ്റൊരു പരിപാടിയും സംഘടിപ്പിക്കുന്നുണ്ട്.

## 'സ്കൂൾചരിത്രസെമിനാർ - 2025'

സ്കൂളുകളുടെ ചരിത്രസംരക്ഷണവും അവബോധവും ലക്ഷ്യം വെച്ചുകൊണ്ട് 2025 ഏപ്രിൽ 23, 24 തീയതികളിൽ കെ.സി.എച്ച്. ആറും എസ്.സി.ഇ.ആർ.ടിയും സഹകരിച്ചു കൊണ്ട് 'സ്കൂളുകളുടെ ചരിത്ര സെമിനാർ - 2025' എന്ന വിഷയത്തിൽ ദ്വിദിന സെമിനാർ

സംഘടിപ്പിക്കുന്നു. തിരുവനന്തപുരത്തെ തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളുടെ ചരിത്രാവതരണവും, സ്കൂളുകളിലെ ചരിത്രരേഖകളുടെ സംരക്ഷണത്തെകുറിച്ചുള്ള ആലോചനകളുമാണ് സെമിനാർ ചർച്ച ചെയ്യുന്നത്. ആധുനിക കേരളത്തിന്റെ വൈജ്ഞാനിക പുരോഗതിക്ക് ആദ്യകാല സ്കൂളുകൾ നിർവഹിച്ച പങ്ക് അവിസ്മരണീയമാണ്. നൂറു വർഷത്തിലേറെയായി സമൂഹത്തിന് സേവനം ചെയ്തുകൊണ്ടിരിക്കുന്ന വിദ്യാലയങ്ങളെ നമ്മുടെ മഹത്തായ വിദ്യാഭ്യാസ പൈതൃകത്തിൽ വേണ്ട രീതിയിൽ അടയാളപ്പെടുത്തുകയും സംരക്ഷിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായിട്ടാണ് എസ്.സി.ഇ.ആർ.ടിയും കേരള ചരിത്ര ഗവേഷണ കൗൺസിലും സംയുക്തമായി സെമിനാർ സംഘടിപ്പിക്കുന്നത്.

# കാര്യപരിപാടികൾ

## 2025 ഏപ്രിൽ 23, ബുധൻ

| | | |
|---|---|---|
| രജിസ്ട്രേഷൻ | : | 9:00 am. - 9:45 am. |
| ഉദ്ഘാടന സെഷൻ | : | 9:45 am. - 10:30 am. |
| സ്വാഗതം | : | **ഡോ. അനിൽ ഡി.**<br>റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി. കേരളം |
| അധ്യക്ഷൻ | : | **പ്രൊഫ. കെ.എൻ. ഗണേശ്**<br>ചെയർപേഴ്സൺ, കെ.സി.എച്ച്.ആർ. |
| ഉദ്ഘാടനം | : | **ഡോ. ജയപ്രകാശ് ആർ.കെ**<br>ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. കേരളം |
| ആശംസ | : | **ഡോ. എം.ആർ. സുദർശനകുമാർ**<br>അക്കാദമിക് കൺസൾട്ടന്റ്, എസ്.സി.ഇ.ആർ.ടി. കേരളം |
| നന്ദി | : | **പ്രൊഫ. ദിനേശൻ വി.**<br>ഡയറക്ടർ, കെ.സി.എച്ച്.ആർ. |

| | | |
|---|---|---|
| ചായ ബ്രേക്ക് | : | 10:30 am. - 10:45 am. |
| ടെക്നിക്കൽ സെഷൻ 1 | : | 10:45 am - 12:30 pm. |
| ഉച്ചഭക്ഷണം | : | 12:30 pm. - 1:30 pm. |
| ടെക്നിക്കൽ സെഷൻ 2 | : | 1:30 pm. - 3:00 pm. |
| ചായ ബ്രേക്ക് | : | 3:00 pm. - 3:15 pm. |
| ടെക്നിക്കൽ സെഷൻ 3 | : | 3:15 pm. - 4:00 pm. |

## 2025 ഏപ്രിൽ 24, വ്യാഴം

| | | |
|---|---|---|
| ടെക്നിക്കൽ സെഷൻ 4 | : | 10:00 am. - 11.00 am. |
| ചായ ബ്രേക്ക് | : | 11.00 am. - 11.15 am. |
| ടെക്നിക്കൽ സെഷൻ 5 | : | 11.15 am. - 12:30 pm. |
| ഉച്ചഭക്ഷണം | : | 12:30 pm. - 1:30 pm. |
| ടെക്നിക്കൽ സെഷൻ 6 | : | 1:30 pm. - 2:30 pm. |
| ചായ ബ്രേക്ക് | : | 2.30 pm. - 2.45 pm. |
| അവലോകന ചർച്ചയും സമാപനവും | : | 2.45 pm. - 4.00 pm. |
| നന്ദി | : | **ഡോ. ഫാഷിയ പി എസ്**<br>അക്കാദമിക് കോർഡിനേറ്റർ,<br>കെ.സി.എച്ച്.ആർ. |